"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 26.09.2019 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ. പദ്ധതിക്കനുവദിച്ച തുകയുടെ പലിശ കൂടി ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കുന്നതിന് ഉപയോഗിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി ഡി)വകുപ്പ്**

**സ.ഉ.(സാധാ) നം.2320/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/10/2019

പരാമർശം:- 1 സ.ഉ.(സാധാ) നം.1461/2019/ത.സ്വ.ഭ.വ തീയതി, 12/07/19

2 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2019-ലെ ഡി/1398/2019 നമ്പർ കത്ത്.

3 26.08.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.9-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. പദ്ധതിക്കനുവദിച്ച തുകയിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ കിടക്കുന്ന 64,15,934/- രൂപയിൽ ത്രിതല പഞ്ചായത്ത് നൽകിയ വിഹിതം ടി ബ്ലോക്ക് പരിധിയിലെ ഒ.എൽ.എച്ച്. കോളനികളിലെ നിലവിലുള്ള ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് വിനിയോഗിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പ്രസ്തുത തുകയോടൊപ്പം 40,49,134/- രൂപ പലിശ ഇനത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്നും ആയതുകൂടി ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നുമുള്ള അപേക്ഷ കോ ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു. ത്രിതല പഞ്ചായത്ത് നൽകിയ വിഹിതത്തിന് പുറമെ പലിശ ഇനത്തിലെ തുക കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പരാമർശം (3) പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

2)മേൽ വിവരിച്ച സാഹചര്യത്തിൽ, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ. പദ്ധതിക്കനുവദിച്ച തുകയിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ കിടക്കുന്ന 64,15,934/- രൂപയിൽ ത്രിതല പഞ്ചായത്ത് നൽകിയ വിഹിതത്തിന് പുറമെ പലിശ ഇനത്തിൽ അവശേഷിക്കുന്ന തുകയായ 40,49,134/- രൂപ കൂടി വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
**അണ്ടർ സെക്രട്ടറി**

പകർപ്പ്:- ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ&ഇ),തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.[illegible] 15:02:52 IST
Reason: Approved

സെക്ഷൻ ഓഫീസർ